# സാഹിത്യ ചിത്രണങ്ങൾ: സർഗ്ഗാത്മകതയുടെ വ്യവഹാര സാധ്യതകൾ

**രജീഷ്. മംഗലത്ത്**

റിസർച്ച് സ്കോളർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

ആമുഖം

വ്യവഹാരവിനിമയങ്ങളിലെ അനന്തകേളികളാണ് സാഹിത്യാസ്വാദനത്തിൽ വിചിത്രവും വിശാലവുമായ ലോകങ്ങൾ തീർക്കുന്നത്. എഴുത്തും വായനയും വ്യവഹാരങ്ങളാണ്. പരസ്പരവിനിമയ പ്രക്രിയകളുടെ വ്യവഹാരം. എഴുത്തുകാരനും വായനക്കാരനും പാഠത്തെ സവിശേഷ സന്ദർഭമായി സ്ഥാനപ്പെടുത്തി നടത്തുന്ന പരസ്പരവിനിമയം. വായനയിലൂടെ ഒരു സാംസ്കാരം സൃഷ്ടിക്കപ്പെടുന്നുണ്ട്. സാഹിത്യാസ്വാദനത്തിന്റെ ഫലമായി ഒരു ദൃശ്യസംസ്കാരവും ഉണ്ടാകുന്നു. ഇത് എഴുത്തിന്റേയും വായനയുടേയും ലാവണ്യസംസ്കാരമായി മാറാം. എഴുത്തിന്റേയും വായനയുടേയും സംസ്കാരം ചിലപ്പോൾ സമാന്തരമാവാം. എഴുത്തുകാരനും വായനക്കാരനും വ്യാവഹാരികമായി ഒരുപോലെ കൃതിയെ സമീപിക്കുമ്പോഴാണ് ഇങ്ങനെ സംഭവിക്കുക. ഇത് വളരെ ദുർലഭമായിപ്പോലും സംഭവിക്കണമെന്നില്ല. ഉപരിപ്ലവമായി ചില അംശങ്ങളിൽ ഈ രണ്ടുകൂട്ടരും ഒരേ പങ്കുകാരാവാം. അതിനപ്പുറം ആസ്വാദന പക്ഷത്ത് കൃതി നൽകുന്ന ലാവണ്യാംശം അളവിലും ഗുണത്തിലും ഈ രണ്ടുകൂട്ടരിലും വ്യത്യസ്തമാവാനേ വഴിയുള്ളൂ. ഇൻഡിവിജ്വൽ ഡിഫറൻസ് എന്ന അനന്യത സൃഷ്ടിക്കുന്ന വൈയക്തികതയ്ക്കനുസരിച്ച് സാഹിത്യത്തിന്റെ വ്യാവഹാരിക തലങ്ങളിൽ സമാനമായി പങ്കുചേരാൻ രണ്ടാൾക്ക് കഴിയില്ലല്ലോ. വായന വ്യത്യസ്തത മാത്രമല്ല ഉദ്പാദിപ്പിക്കുക. വിപരീത മാർഗ്ഗവും സൃഷ്ടിക്കുന്നുണ്ട്. എം.എൻ. വിജയന്റെ മാമ്പഴ[1] വായന പ്രസിദ്ധമാണല്ലോ.

1. മാമ്പഴം, കവിത, വൈലോപ്പിള്ളി ശ്രീധരമേനോൻ - എം. എൻ. വിജയൻ ഈ

വായനയുടെ സംസ്കാരം ഇങ്ങനെ രൂപപ്പെടുന്ന വ്യവഹാര സാധ്യതകളുടെ വിനിമയമാണ്.

വായനയുടെ വ്യവഹാര സാധ്യതകൾ

സൂക്ഷ്മമായ അർത്ഥത്തിൽതന്നെ ആശയസംവേദനമെന്നത് വ്യവഹാരമാണല്ലോ. അർത്ഥസംവേദനം, ആശയപ്രക്ഷേപണം, അർത്ഥ ആശയ നവീകരണം, പുനസൃഷ്ടിഎന്നിവ സ്കീമു[2]കളായി ഓരോ വ്യക്തിയുടെ മനോമണ്ഡലത്തിലും അടയാളപ്പെട്ടിരിക്കുന്നു. ഇവയെല്ലാം വ്യവഹാരങ്ങളാണ്. സവിശേഷാർത്ഥത്തിൽ, സന്ദർഭത്തിൽ കേവലമായ പ്രത്യക്ഷങ്ങൾക്കപ്പുറം മനുഷ്യഭാവനയുടെ അടയാളമായിത്തീരുന്ന വ്യവഹാരങ്ങൾ ഏതെല്ലാമാണ് എന്ന് അന്വേഷിക്കേണ്ടതുണ്ട്.

ദൃശ്യതയുടെ വ്യവഹാര മനഃശാസ്ത്രം.

വ്യവഹാരത്തിന് രണ്ട് തലങ്ങളുണ്ട്.

1. പ്രക്രിയാ തലം (processing state)
2. സത്താ തലം (material state).

വായനയിൽ ആസ്വാദനപക്ഷത്തുനിന്നു നോക്കുമ്പോൾ മെറ്റീരിയൽ വ്യവഹാരം ആണ് ആശയവിനിമയത്തിന്റെ ഭൗതിക സത്ത. അർത്ഥത്തിനും ആശയത്തിനും ആധാരമായിരിക്കുന്ന പദാർത്ഥം വ്യവഹാരത്തിന്റെ ഈ സത്താതലം (material state) ആണ്. ഈ മെറ്റീരിയൽ സ്റ്റേറ്റിനുള്ളിൽ ഒരു പ്രക്രിയ (process) നടക്കുന്നുണ്ട്. അത് സ്വയമേവ പ്രവർത്തനനിരതമാണ്. അർത്ഥം നീക്കിവെക്കപ്പെടാൻ കാരണമായിരിക്കുന്ന അവസ്ഥ ഇതിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. മെറ്റീരിയിൽ സ്റ്റേറ്റ് അന്തർവഹിക്കുന്ന പ്രക്രിയയാണ് മേൽപറഞ്ഞ അവസ്ഥ. വായനാവ്യവഹാരത്തിൽ ഈ രണ്ടാമത്തെ തലമാണ് കൃതിയിൽ ലാവണ്യംനിറയ്ക്കുന്നതും കൃതി ഉൾക്കൊള്ളുന്ന ലാവണ്യത്തെ വിനിമയംചെയ്യുന്നതും. ഈ വ്യവഹാരസാധ്യതയാണ് ആസ്വാദനത്തേയും വ്യാഖ്യാനത്തേയും നിർണ്ണയിക്കുന്നത്. വായനക്കാരന്റെ ഭാവന, കല്പന തുടങ്ങിയ സർഗ്ഗാത്മക സാധ്യതകളിലൂടെ വികസിക്കുന്ന ലാവണ്യാനുഭവത്തിന്റെ മുക്കാൽ പങ്കിനും കാരണം വ്യവഹാരത്തിന്റെ ഈ പ്രോസസ്സിംഗ് സ്റ്റേറ്റ് ആണ്. കാഴ്ചയുടെ മുദ്രകൾ മനുഷ്യാരംഭം മുതൽ

---

കൃതിയെ മുൻനിർത്തി നടത്തിയ മനഃശാസ്ത്ര നിരൂപണം, ശീർഷാസനം, നിരൂപണം.

2 - ബയോളജിക്കൽ ടേം, ഴാങ്പിയാഷേ, സൈക്കോളജിസ്റ്റ്, കോഗ്നിറ്റീവ് കൺസട്രക്റ്റിവിസം—വിവിധ പ്രായത്തിൽ മാനസികപ്രക്രിയകളുടെ ഭാഗമായി മനോമണ്ഡലത്തിൽ നിരവധി മുദ്രകൾ രൂപപ്പെടുന്നു. ബുദ്ധി, ചിന്ത, ഭാവന, ഓർമ്മ, തുടങ്ങിയവയെല്ലാം സ്കീമകളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നു. പ്രവർത്തിക്കുന്നു.

മാനവരാശിയുടെ 'കളക്ടീവ് അൺകോൺഷ്യസ്നസ്സിൽ'[3]പ്രത്യക്ഷണത്തിന്റെ മുദ്രകളായി രൂപം പ്രാപിച്ചിട്ടുണ്ട്. അത് എണ്ണം പെരുകുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. പ്രത്യക്ഷമായും പരോക്ഷമായും ഇങ്ങനെ അനേകം മുദ്രകൾ മനുഷ്യമനസ്സിൽ ദൃശ്യാവബോധം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മനുഷ്യസംവേദനീയതയിൽ 86% പ്രത്യക്ഷണങ്ങളും സൈറ്റ് പേഴ്സപ്ഷൻ[4] വഴി നടക്കുന്നുവെന്നാണ് എഡ്ഗാർ ഡെയിലിന്റെ കണ്ടെത്തൽ (സൈക്കോളജിസ്റ്റ്, കോൺ ഓഫ് എക്സപീരിയൻസ്)

കേൾവിയുടേയും വായനയുടേയും വ്യവഹാര മുദ്രകൾ ആസ്വാദനത്തെ സമീപിക്കുന്നത് എങ്ങനെയാണ്. ഭാവനയിലും കല്പനയിലും ഈ സവേദനങ്ങൾ എപ്രകാരമാണ് ഇടപെടുന്നത്. വിനിമയത്തിന്റെ പ്രാഥമിക ഘട്ടത്തിൽ തന്നെ ഈ സംവേദനങ്ങൾ ദൃശ്യാനുഭവത്തിന്റെ വ്യാവഹാരിക പ്രതലത്തിലേക്ക് കൂറുമാറുന്നുണ്ട്. വായനക്കാരൻ അനുഭവത്തിന്റെയും ആസ്വാദനത്തിന്റേയും പ്രാഥമികപാഠങ്ങൾ കൃതിയിൽനിന്ന് സ്വീകരിച്ചശേഷം അതിസങ്കീർണ്ണമായ വലക്കണ്ണികൾക്ക് സമാനമായ വൈയക്തികാനുഭവത്തിലേക്ക് എഴുത്തിന്റെ വ്യാവഹാരിക മുദ്രകളെ കൂടുമാറ്റി പ്രതിഷ്ഠിക്കുന്നു. വായനയിൽ എഴുത്തുനൽകാത്ത പുതിയ സാംസ്കാരിക മുദ്രകൾ ദൃശ്യവ്യവഹാരമായി രൂപപ്പെടുന്നു. എഴുത്തിൽ നിന്നും ഇങ്ങനെ മനോചിത്രങ്ങൾ രൂപപ്പെടുന്നുണ്ട്. മനോമണ്ഡലത്തിൽ ആലേഖനം ചെയ്യപ്പെട്ട വാങ്മയങ്ങൾക്ക് ചിത്രരൂപഘടനയാണുള്ളത്.

വക്താവോ എഴുത്തുകാരനോ ശ്രോതാവിനോടോ വാനയനക്കാരനോടോ സാസ്കാരികമായും സാമൂഹികമായും വ്യവസ്ഥാനുരൂപമാക്കപ്പെട്ട ഒരു ചട്ടക്കൂടിൽ നിന്നുകൊണ്ട് സവിശേഷ സന്ദർഭത്തിൽ പരസ്പരം നടത്തുന്ന വിനിമയമാണ് വ്യവഹാരം. (എം എച്ച് അബ്രാംസ് - എ ഗ്ലോസറി ഓഫ് ലിറ്ററി ടേംസ്) ഭാഷേതരമായി (non verbal) നിലനിൽക്കുന്ന സംവേദന സ്വത്വങ്ങളേയും വ്യവഹാരങ്ങളായി തന്നെ ഗണിച്ചു വരുന്നു. ഭാഷേതര വ്യവഹാരങ്ങൾ സംവേദനതയിൽ പ്രത്യേകിച്ചും സാഹിത്യാനുഭവത്തിൽ എപ്രകാരമാണ് അസ്വാദ്യതയുണ്ടാക്കുന്നത് എന്ന ചിന്ത ആരംഭിക്കേണ്ടത്. സാഹിത്യചിത്രണങ്ങൾ (ലിറ്ററി ഇല്യൂസ്ട്രേഷൻസ്) വഴിയാകുന്നതിൽ സാംഗത്യമുണ്ട്.

---

3. സമൂഹാബോധമനസ്സ്, കാൾ ഗുസ്റ്റഫ്, യൂങ്, ആർക്കിടൈപ്പ്, മിത്ത് തുടങ്ങിയവയെല്ലാം കളക്റ്റീവ് അൺകോൺഷ്യസിന്റെ ഭാഗമാണ്. ഭാവനയുടെ വിവിധ പ്രവർത്തനങ്ങൾ നിർണ്ണയിക്കപ്പെടുന്നു.

4. കോൺ ഓഫ് എക്സ്പീരിയൻസ്, എഡ്ഗാർഡെയ്ൽ, സൈക്കോളജിസ്റ്റ്, പെഡഗോഗിക്കൽ—സംവേദനങ്ങളിൽ ഏറ്റവും കൂടുതൽ നടക്കുന്നത് കാഴ്ചയിലൂടെയാണ്.

വരകൾ : ദൃശ്യവ്യവഹാരങ്ങൾ

കൃതിയോടൊപ്പം പ്രത്യക്ഷപ്പെടുന്ന കൈവരകളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ചിത്രമെഴുത്ത് എന്ന് ഒരു നാമം ഇതിനുണ്ട്. ഇല്യുസ്ട്രേഷൻ എന്ന അർത്ഥത്തിൽ കാണുമ്പോൾ ടെക്സ്റ്റ് ഉൾക്കൊള്ളുന്ന ആശയത്തിന്റെ പ്രതിരൂപം എന്ന അർത്ഥത്തിൽ ഇവിടെ ചിത്രമെഴുത്തിനെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. കൃതികളോടൊപ്പം പ്രത്യക്ഷപ്പെടുന്ന വരകൾക്ക് രണ്ട് വിനിമയ തലങ്ങളുണ്ട്.

1. മനോഘടനയിൽ മുദ്രിതമായ ദൃശ്യബോധം, ബിംബം.
2 മനോഘടനയ്ക്ക് പുറത്തുള്ള ദൃശ്യബിംബങ്ങൾ.

ഈ രണ്ട് തരത്തിലുമുള്ള ദൃശ്യ വിനിമയങ്ങൾ കൃതിയോടൊപ്പമുള്ള ചിത്രമെഴുത്തുകളെ എങ്ങനെ വിലയിരുത്തുന്നു എന്നത് വിമർശനാത്മകമായി വിലയിരുത്താനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

മലയാള സാഹിത്യത്തിൽ എം.ടി., ബഷീർ, വി,കെ.എൻ തുടങ്ങിയവരുടെ നോവലുകൾക്ക് നമ്പൂതിരി, എ.എസ്., മദനൻ തുടങ്ങിയവരും ബെന്യാമിന്റെ ആടുജീവിതത്തിന് ഷെരീഫും നൽകിയ ചിത്രമെഴുത്തും മുൻനിർത്തിയുള്ള വിമർശനാത്മ വ്യാവഹാരിക പഠനത്തിന് പ്രസക്തിയുണ്ട്. ലിഖിത പാഠം (written text), വായനാപാഠം (reading text), സാമൂഹിക പാഠം (social text), സാംസ്കാരിക പാഠം (Cultural text) മുതലായവയോട് എപ്രകാരമാണ് വരകൾ സംവദിക്കുന്നത് എന്ന അപഗ്രഥനമാണ് ഇവിടെ നടത്തുന്നത്. ഇല്ലസ്ട്രേഷൻസ് കൃതിയുമായി ബന്ധപ്പെടുന്ന ഒരു വ്യവഹാരമായിരിക്കുമ്പോൾ തന്നെ അതിൽ നിന്നും വ്യതിരിക്തമായ വിവിധപാരായണ സാധ്യതകളുള്ള വ്യവഹാരം കൂടിയായി ത്തീരുന്നു. വരകൾ രണ്ടുതരത്തിലുള്ള ബന്ധമാണ് കൃതിയുമായി നിലനിർത്തുന്നത്. ഒന്ന് അനുകൂല ബന്ധം, രണ്ട് പ്രതികൂല ബന്ധം. കൃതിയെ രണ്ടു തരത്തിൽവിഭജിക്കുമ്പോൾ (ഔട്ടർ ടെക്സ്റ്റ്, ഇന്നർ ടെക്സ്റ്റ്) ഈ ബന്ധനങ്ങളുടെ വ്യാവഹാരിക സാധ്യതകൾ അനന്തമായി നീളുന്നത് ബോധ്യപ്പെടും. കൃതിയുടെ കാലം, സ്ഥലം, ഐഡിയോളജി, കഥാപാത്രങ്ങൾ, ഇതിവൃത്തം, പ്രമേയം തുടങ്ങിയവയെല്ലാം ആദ്യ പകുതിയിൽ ഉൾപ്പെടുന്നു. ഇന്നർ ടെക്സ്റ്റ് വായനയുമായും സൗന്ദര്യ ശാസ്ത്രവുമായും ബന്ധപ്പെടുന്നു. വായനയിൽ ചിത്രവ്യവഹാരങ്ങളും ചിത്രേതര വ്യവഹാരങ്ങളും സംവേദനീയതയിൽ വിപുലമായ വ്യവഹാര സാധ്യതകൾ നൽകുന്നുണ്ട്. ആസ്വാദനത്തെ ലഘൂകരിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്നുണ്ട് ചിത്രമെഴുത്തുകൾ (illustration). ആസ്വാദകന് വായനയിൽ നിന്ന് രൂപപ്പെടുന്ന ആശയങ്ങൾക്ക് അനുഭവവേദ്യമാകുന്ന

ലാവണ്യാത്മകതയ്ക്ക് പകരം വെയ്ക്കാനോ വിപുലീകരിക്കുവാനോ ശേഷിയുള്ളവയല്ല ഇല്ലസ്ട്രേഷൻ. സാഹിത്യ ചിത്രണങ്ങൾ സംവേദനത്തെ ആസ്വാദ്യമാക്കുകയല്ല പ്രത്യക്ഷീകരിക്കുകയാണ് ചെയ്യുന്നത്. സഹൃദയരുടെ പൂർവ്വ നിശ്ചിതമായ പ്രത്യക്ഷണങ്ങൾക്ക് (perception) പകരം വെക്കാൻ വാങ്മയ ചിത്രങ്ങൾക്ക് സാധ്യമാകുമെങ്കിലും സാഹിത്യചിത്രണങ്ങൾക്ക് വായനാനുഭവത്തെ ആസ്വാദ്യകരമാക്കുവാൻ കഴിയില്ല.

സാഹിത്യ ചിത്രണങ്ങൾക്ക് എഴുത്തിന്റെ വ്യാവഹാരിക സാധ്യതകളിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു ചിഹ്നസാധ്യതയാണുള്ളത്. എഴുത്തിൽനിന്ന് വ്യത്യസ്തമായ വ്യാവഹാരിക പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് വരകൾ സംവേദനീയത സൃഷ്ടിക്കുന്നത്. എഴുത്തുകാരന്റെ ക്രിയാത്മക ചിന്തയിൽനിന്നും സർഗാത്മകതയിൽനിന്നും അന്യമായി നിന്നുകൊണ്ടാണ് വരകൾ രൂപപ്പെടുക. ഇതിന്റെ പ്രധാനകാരണം മറ്റൊരാളായിരിക്കും കൃതികളിൽ എഴുത്തിന്റെ പാഠത്തിന് വരകൾ കൊണ്ട് ഒരു അനുപൂരകപാഠം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് എന്നതാണ്. എഴുത്തുകാരൻ തന്നെ തന്റെ കൃതിക്ക് ചിത്രണംചെയ്താൽപോലും കൃതിയും വരയും രണ്ടുതരം വ്യവഹാരമാതൃകകളായതുകൊണ്ടും നിർമ്മിതി സത്തകളായതുകൊണ്ടും സാഹിത്യപാഠത്തെ സത്യസന്ധമായി വിപുലീകരിക്കുവാൻ വരകൾ പ്രാപ്തമാവില്ല. വരകൾ നൽകുന്ന ദൃശ്യാനുഭവത്തിന് പരിധിയും പരമിതിയുമുണ്ട്. സാഹിത്യം നൽകുന്ന ദൃശ്യാനുഭവം ബഹുസ്വരമാണ്.

എഴുത്തും വായനയും ബഹുസ്വരമാണ്. അതിനെ അനന്യവും ആസ്വാദ്യവും ആക്കിത്തീർക്കുന്നത് ഭാവനാവ്യാപാരത്തിലുള്ള ബഹുസ്വരതയാണ്. എഴുത്തുകാരനെയും സഹൃദയനെയും അവരുടെ സർഗ്ഗാത്മക വ്യവഹാരങ്ങളെയും താത്കാലികമായെങ്കിലും പ്രതിരോധിക്കുന്ന സംവേദന സ്വത്വങ്ങളായി വരകൾ തീരാറുണ്ട്. വായനയിൽനിന്നു ലഭ്യമാകുന്ന നോൺവെർബൽ സംവേദനങ്ങളെ ലഘൂകരിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന വരകൾ. വായന മനോമണ്ഡലത്തിൽ സൃഷ്ടിക്കുന്ന ഭാഷേതരമായ ലാവണ്യാംശങ്ങളുണ്ട്. ഭാഷാപരദൃശ്യതയിൽ നിന്നും അതിന്റെ സൗന്ദര്യത്തിൽനിന്നും സഹൃദയന്റെ ഭാവനയെ കേവലമായ പ്രത്യക്ഷണാനുഭവത്തിലേക്ക് ലയിപ്പിച്ച് കളയുകയാണ് വരകൾ. മനഃശാസ്ത്രത്തിലെ അസോസിയേഷനിസ[5]ത്തിന്റെ അടിസ്ഥാനത്തിൽ

5. സഹബന്ധ സിദ്ധാന്തങ്ങൾ, അസോസിയഷനിസം, ബിഹേവിയർ തിയറികൾ,

സാഹിത്യചിത്രണങ്ങൾ വായനയെ സ്വാധീനിക്കുന്നത് പലപ്പോഴും കൃതി നൽകുന്ന സൗന്ദര്യാത്മകവഴികളിലൂടെയായിരിക്കില്ല.

സാങ്കല്പികവും ഭാവനാപരവുമായ വാങ്മയങ്ങളെ വരകൾകൊണ്ടു പ്രത്യക്ഷീകരിക്കുന്ന വ്യാവഹാരിക പ്രക്രിയ വായനയുടെയും എഴുത്തിന്റെയും വ്യാവഹാരികസാധ്യതകളെ ഏകപക്ഷീയവും വികലവുമാക്കുന്നു. ഇത്തരം ബിംബങ്ങൾ (സ്യൂഡോ ഇമേജ്) നിർമ്മിക്കാനേ വരകൾ ഉതകൂ. എഴുത്തുകാരന്റെയും സഹൃദയന്റെയും ഇടയിൽ ക്ഷണിക്കാതെ കയറി വരുന്ന വ്യാവഹാരിക പ്രതിനിധിയാണ് വരകൾ. സാഹിത്യം സമ്പൂർണ്ണവിനിമയ വ്യവഹാരമാക്കുന്നതിന് വരകൾ സഹായിക്കുന്നില്ല. വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര വ്യവഹാരങ്ങളിൽ സർഗ്ഗശേഷിയുടെ നിയന്ത്രിതാവായി, വായനാനുഭവത്തിലും എഴുത്തിലും ഒരു ട്രാഫിക് ബ്ലോക്കുപോലെ നിലകൊള്ളുകയാണ് സാഹിത്യ ചിത്രണങ്ങൾ. ബഹുസ്വരമായ വായനാകൗശലത്തെ ടിപ്പിക്കലാക്കിത്തീർക്കുകയാണ് പലപ്പോഴും വരകൾ. വരകൾക്ക് വഴങ്ങാത്ത ഭാഷാപരമായ ദൃശ്യാനുഭവങ്ങളുടെ വ്യാവഹാരിക ശ്രേണിയിലാണ് ഒരു കൃതിയുടെ ആസ്വാദ്യത നിലനിൽക്കുന്നത്. റീഡേഴ്സ് ടെക്സ്റ്റുകൾ ഓഥേഴ്സ് ടെക്സ്റ്റിൽ നിന്നും വ്യത്യസ്തവും അനന്യവുമാകുന്നത് വായനാനുഭവത്തിന്റെ ഈ ബഹുസ്വരത കൊണ്ടാണല്ലോ. സാഹിത്യചിത്രണങ്ങൾ വായനാനുഭവത്തെ ഏകപക്ഷീയമായി തടയിടുന്നു. ഏറ്റവും ഗൗരവമായ മറ്റൊരുകാര്യമുണ്ട് എഴുത്തുകാരന്റെ തുടർ ആഖ്യാനത്തിൽ, സർഗ്ഗാത്മകതയിൽ, അസ്വാതന്ത്ര്യത്തിന്റെ വിത്തിടുന്ന വരകൾ. പരിണാമം എന്ന നോവൽ മാതൃഭൂമി ആഴ്ചപതിപ്പിൽ എഴുതിവരുന്ന മുറയ്ക്കനുസരിച്ച് നമ്പൂതിരിയുടെ വരകളും ആ നോവലിനോട് ചേർത്തു വായിക്കപ്പെട്ടു. പല അദ്ധ്യായങ്ങൾ പിന്നീട് നോവലിസ്റ്റ് എഴുതുമ്പോൾപോലും നമ്പൂതിരി മുൻ അധ്യായങ്ങളിൽ ചേർത്തവരകൾ പിൻഅദ്ധ്യായ രചനകളിൽ നോവലിസ്റ്റിനെ സ്വാധീനിച്ചിട്ടുണ്ട് എന്ന് എം. പി. നാരായണപ്പിള്ള വ്യക്തമാക്കിയിട്ടുണ്ട് (ആമുഖം, പരിണാമം). വായനയെ കേവല കണക്കുപുസ്തക വായനപോലെ സ്വീകരിക്കുന്ന സഹൃദയനെ സംബന്ധിച്ച് ഈ വരകൾ ഏതെങ്കിലും തരത്തിൽ അവരുടെ വായനാ വ്യാപാരത്തെ

എവൈാൻ പ്രെട്രോവിച്ച് പാവ്ലോവ്, ബി എഫ് സ്കിന്നർ, ജെ ബി വാട്സൻ - അസോസിയേഷൻ വഴി പഠനം നടക്കുന്നു. സ്മരണ, ചിന്ത, ഭാവന തുടങ്ങിയ എല്ലാ മാനസിക പ്രക്രിയക്കും ആധാരം അസോസിയേഷൻ ആണ്. നിലവിലുള്ളവയോട് മറ്റൊന്നിനെ കൂട്ടിച്ചേർത്ത് പുതുതായി പലതിനേയും സൃഷ്ടിക്കുന്നു. ബന്ധമില്ലാത്ത പലതിനേയും കൂട്ടിച്ചേർത്ത് അതിലേതെങ്കിലും ഒന്നിന്റെ സാന്നിദ്ധ്യത്തിൽ പരസ്പരം കൂട്ടിച്ചേർക്കപ്പെട്ടവയെ പുനസ്മരിക്കുന്ന മാനസിക പ്രവർത്തനവാണ് ഇത്. വായനയിൽ, ആസ്വാധനത്തിൽ ഇത് പ്രവർത്തിക്കുന്നുണ്ട്.

അവരിഷ്ടപ്പെടുന്ന തരത്തിൽ ലഘൂകരിച്ചിട്ടുണ്ടാകാം. എന്നാൽ എഴുത്തുകാരന്റെ വിനിമയങ്ങൾക്കപ്പുറം പുതിയ സംവേദന വ്യവഹാരം സൃഷ്ടിച്ചെടുക്കുന്ന സഹൃദയർക്ക് ഇത്തരം വരകൾ സർഗ്ഗാത്മകതയിൽ പ്രതിരോധം സൃഷ്ടിക്കുന്ന തടസ്സങ്ങളായിത്തീരുന്നു.

ചിത്രമെഴുത്തിന്റെ സംവേദന പാഠം

പ്രസിദ്ധമായ ചിത്രങ്ങൾപോലും ദൃശ്യാനുഭവത്തിന്റെ പരിചിത സീമകളിൽ സാമ്യപ്പെടുത്തിക്കൊണ്ടാണ് പ്രേക്ഷകരിൽ ആസ്വാദ്യകരമായി തീരുന്നത്. സമാനമായ സാമീപ്യ വ്യവസ്ഥയുടെ വിചിത്രമായ ചേർച്ചയാണ് വരകളെ ആസ്വാദ്യമാക്കിത്തീർക്കുന്നത്. പക്ഷേ സാഹിത്യത്തിലെ വരകൾ ഈ മട്ട് പ്രവർത്തിക്കുന്ന തരമല്ല. കാരണം ഭാഷയുമായി താരതമ്യം ചെയ്യുമ്പോൾ ശുഷ്കവും പരിമിതവുമാണ് വരകൾ. ആസ്വാദകരിൽ സ്വതന്ത്രമായി ഇടപെടുന്ന വ്യവഹാരങ്ങളാണ് ചിത്രങ്ങൾ. സാഹിത്യ ലിഖിതപാഠം സൃഷ്ടിച്ച ദൃശ്യാനുഭവവും സാഹിത്യേതരമായ ദൃശ്യാനുഭവവും രണ്ടുതരമാണ്. സാഹിത്യത്തിന്റെ ലിഖിതപാഠത്തോടൊപ്പം വരകളെ പങ്കുചേർക്കുന്നത് ആസ്വാദകപക്ഷത്തുനിന്നു വീക്ഷിക്കുമ്പോൾ അപക്വ നടപടിയാകുന്നു. രണ്ട് തരം ബിംബ സംവേദനങ്ങളാണ് ഇവകൾ സൃഷ്ടിക്കുന്നതും പ്രക്ഷേപണം ചെയ്യുന്നതും. എഴുത്തിനോടൊപ്പമുള്ള വരകൾ സാഹിത്യത്തിന്റെ വ്യാവഹാരിക സാധ്യതകളിൽ അനാവശ്യമായ സഹബന്ധം സൃഷ്ടിക്കുന്നുണ്ട്. എഴുത്തിനോട് സഹബന്ധമല്ല വിരുദ്ധബന്ധമാണ് വരകൾക്കുള്ളത്. എഴുത്തിനോടുള്ള സമാന്തര പാഠമല്ല വരകൾ നൽകുന്നത്. പകരം വ്യത്യസ്തമായ പാഠാത്മകത പേറുകയാണ് വരകൾ. തണുത്ത ഭക്ഷണം വീണ്ടും ചൂടാക്കിക്കഴിക്കുന്നതു പോലെയുള്ള അനുഭവംപോലും വരകൾ നൽകുന്നില്ല. വായനാനുഭവത്തിന്റെ ഊഷ്മളതയെ തണുപ്പിന്റെ നിസ്സർഗ്ഗചേഷ്ടകൾ കൊണ്ട് ഉദ്ദീപിപ്പിക്കുകയാണ് വരകൾ ചെയ്യുന്നത്.

സാഹിത്യാസ്വാദനം ഒരു കണക്റ്റഡ് ഡിസ്കോഴ്സ് ആണ്. ഈ വ്യവഹാരത്തിൽ നിമജ്ജനം ചെയ്തിരിക്കുന്ന ബഹുലമായ നിരവധി ബിംബ ഏകകങ്ങളെ ഒറ്റയൊറ്റയായല്ല ആസ്വാദകർ ഭുജിക്കുന്നത്. വലക്കണ്ണികൾ പോലെ പരസ്പരം സങ്കീർണ്ണമായ ബന്ധങ്ങളുടെ ഒരു നൈരന്തര്യത്തിൽ നിന്നാണ് വായനാനുഭവം സൃഷ്ടിക്കപ്പെടുന്നത്. വരകൾ ഈ നൈരന്തര്യത്തെ പ്രക്ഷേപണം ചെയ്യുന്നില്ല. സാഹിത്യവ്യവഹാരത്തിന്റെ സമഗ്രതയിൽനിന്ന് ത്രുപപ്പെട്ടതായാൽപോലും വരകൾ ഈ കണക്റ്റട് ഡിസ്കോഴ്സിന്റെ നൈര്യന്തരത്തെയല്ല പ്രദർശിപ്പിക്കുന്നത്. പകരം ഏകകത്തെ (part) മാത്രമാണ്. ഒരു യൂണിറ്റുകൊണ്ട് ഈ

സമഗ്രതയെ രേഖപ്പെടുത്താൻ കഴിയില്ല. (Wholeness is greater than parts,Gestalt Psychology)

വരകളുടെ അന്തരംഗം 'രണ്ടാമൂഴ'ത്തിൽ

മഹാഭാരതകഥയാണ് 'രണ്ടാമൂഴം'. ഭാരതീയത, ഭാരതീയകല, ഭാരതീയഭാഷ എന്നീ ഘടകങ്ങൾ അന്തർവഹിക്കുന്ന കഥാഗാത്രമാണ് മഹാഭാരതത്തിലുള്ളത്. അത് കേരളീയമല്ല. ഭാരതീയമാണ്. കൃത്യമായി പറഞ്ഞാൽ ഉത്തരേന്ത്യൻ സംസ്കാരത്തിന്റെ പൂർവ്വആഖ്യാനം. കാലം ബി.സി 400-നും മുകളിൽ. ഈ ബൃഹത് ആഖ്യാനത്തിന്റെ മർമ്മസ്പർശിയായ വ്യക്തിഭാവങ്ങളെ സൂക്ഷ്മമായി സ്വകാര്യമായി പറയുകയാണ് എം.ടി. രണ്ടാമൂഴത്തിൽ. ഇതിഹാസനായകൻമാരെ വരേണ്യ പരവതാനിയിൽനിന്നും രാജകീയ പ്രൗഢിയിൽനിന്നും ഭരണതലത്തിൽ നിന്നും ഇറക്കി സാധാരണക്കാരുടെ ജീവിതത്തിന്റെ ഇടനാഴികളിൽ കണ്ടുമുട്ടുന്ന കുടുംബജീവികളെപ്പോലെ പുനരവതരിപ്പിക്കുകയാണ് എം.ടി.

ഈ ഐതിഹാസികതയുടെ നവീനഭാവുകത്വം രുചിക്കുമ്പോൾ പോലും ആസ്വാദകരുടെ മനസ്സിലെ പൂർവ്വസംസ്കാര മുദ്രകൾ തകരില്ല. ഇതിഹാസകഥയുടെ സ്ഥലത്തിലും കാലത്തിലും നിന്നുകൊണ്ടുതന്നെ മഹാഭാരതകഥയെ വായനക്കാരൻ ചിത്രവൽക്കരിക്കും. കുരുക്ഷേത്രം, ഹസ്തിനപുരം, പാണ്ഡവസദസ്സ്, യുദ്ധഭൂമി, ഇത്യാദിസ്ഥലസന്ദർഭങ്ങൾ സഹൃദയരുടെ ഭാവനയിൽ ഉണ്ട്. ഗാന്ധാരി, പാഞ്ചാലി, യുധിഷ്ഠിരൻ, കൃഷ്ണൻ, ഭീമൻ, ദുര്യോധനൻ തുടങ്ങിയവരെയൊക്കെ ദൃശ്യപരമായി അടയാളപ്പെടുത്തിക്കൊണ്ടാണ് വായനക്കാരൻ രണ്ടാമൂഴത്തിലേക്ക്



പ്രവേശിക്കുക. വായനക്കാർ തങ്ങളുടെ മനോമണ്ഡലത്തിന്റെ സാധ്യതക്കനുസരിച്ച് കൃതി രുചിക്കും. എന്നാൽ നമ്പൂതിരിയുടെ വരകൾ മഹാഭാരതത്തിന്റെ ആത്മാവുനഷ്ടപ്പെട്ട ചിത്രങ്ങളാണ്. ഇതിഹാസകഥാപാത്രങ്ങളും സന്ദർഭങ്ങളും സ്ഥലവും വികലമായിപ്പോയി. 20 വരകൾ ഉണ്ട് 'രണ്ടാമൂഴ'ത്തിൽ. പാണ്ഡവർക്ക് പൂണൂൽ ധരിപ്പിച്ച് നമ്പൂതിരി മഹാഭാരതത്തെ ആര്യവത്കരിച്ചു.

അനുയോജ്യമല്ലാത്ത ദൃശ്യകോണിൽ നേർരേഖ വരകളെ അടയാളപ്പെടുത്തി പൂണൂൽ പ്രൊജക്ടുചെയ്ത് കാണിച്ചിരിക്കുകയാണ് നമ്പൂതിരി.

യുക്തിരഹിതം മാത്രമല്ല നമ്പൂതിരിയുടെ വരകൾ. വീരന്മാരായ പാണ്ഡവൻമാരെ സ്ത്രൈണഭാവത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. ആകെക്കൂടി വികലമായ അനാട്ടമിയാണ് അവർക്ക് നമ്പൂതിരി കൊടുത്തത്. ഭാരതീയചിത്രകലയല്ല, അതിന്റെ പാരമ്പര്യമല്ല നമ്പൂതിരിയുടെ വരകൾ. രണ്ടാമൂഴത്തിന് നമ്പൂതിരി വരച്ച ചിത്രമെങ്കിലും ഭാരതീയ ആത്മാവുള്ളതാക്കാമായിരുന്നു. ആധ്യാത്മികതയുടെ ദൃശ്യഭാഷ തേടുന്ന ഇന്ത്യൻ ചിത്രകലാ പാരമ്പര്യത്തിൽ നേർരേഖാചിത്രങ്ങൾ യോജിക്കില്ല. പാശ്ചാത്യ ഭൗതികവാദത്തിന്റെ രീതിശാസ്ത്രമാണ് നേർരേഖാചിത്രങ്ങളിൽ ഉള്ളത്.

ഒരാൾക്ക് തന്റെ നോട്ടസ്ഥലത്തുനിന്നും ഒരു വസ്തുവിനെ എങ്ങനെ നോക്കിക്കാണാനാവും എന്ന ഓരേയൊരു കാഴ്ചവട്ടം (Single point perspective) മാത്രമെടുത്ത് വരക്കുന്ന ചിത്രമാണ് ഈ വരകൾ.

ഇന്ത്യൻ ചിത്രകലാപാരമ്പര്യത്തിൽ ശരീരഘടനാരചന ദുർബലമല്ല. ഇതിഹാസ കഥാപാത്രങ്ങളുടെ ദൃശ്യബിംബ രൂപവൽക്കരണത്തിന്



പ്രധാന അടിത്തറ അവരുടെ രൂപഘടനയാണ്. വരകളിൽ പുരുഷന്മാർക്ക് ശാരീരിക സൗന്ദര്യവും പൊരുത്തവും സ്ത്രീകൾക്ക് മുഖസൗന്ദര്യവും അംഗഭംഗിയും ആണ് നൽകേണ്ടത്. സ്ത്രീ ശരീര രചനയിൽ മണിപ്രവാള സംസ്കാരമാണ് നമ്പൂതിരി രണ്ടാമൂഴത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്.

മഹാഭരതസന്ദർഭവും വ്യക്തിബന്ധവും ചിത്രീകരിക്കുമ്പോൾ നമ്പൂതിരിചെയ്ത ചിത്രപശ്ചാത്തലവും ഭാരതീയമല്ല. അനൗചിത്യവും അരോചകത്വവും പരമാവധി പേറുന്ന പിന്നണിയും മുന്നണിയുമാണ് നമ്പൂതിരിയുടെ വരകളിലുള്ളത്. ഈ ചിത്രരീതി പൗരാണികമോ ഭാരതീയമോ അല്ല. ഐതിഹാസികമോ ചരിത്രപരമോ അല്ല. പാശ്ചാത്യകൊളോണിയൽ സംസ്കാരം ഭാരതീയതയെ അധമവൽക്കരിച്ചു. ഇതിന്റെ അടയാളമാണ് നമ്പൂതിരിയുടെ വരകൾ. പ്രസിദ്ധ കലാപണ്ഡിതനായ ഇ.ബി. ഹാവേൽ ഭാരതീയ കലയുടെ ആദ്ധ്യാത്മികതയിലേക്ക് തിരിച്ചുപോയി ദേശീയ സംസ്കാരത്തിന്റെ പുനരാവിഷ്കരണം നടത്തണമെന്ന് നിരീക്ഷിക്കുന്നുണ്ട്. (The basis for Artistic and industrial revival in India) നമ്പൂതിരി അതിനുപകരം ഭൗതികതയിൽ, വ്യാവസായികതയിൽ തന്റെ മഹാഭാരതചിത്രമുദ്രകൾ വരച്ചിട്ടു രണ്ടാമൂഴത്തിൽ. ഭാരതീയ കലയിൽ ഓരോ കലാകാരന്റെയും അനന്യത എന്ന ഇൻഡിവിജ്വാലിറ്റിക്ക് സ്ഥാനമില്ല. മഹാഭാരതകഥയും സന്ദർഭവും കഥാപാത്രങ്ങളും ഇങ്ങനെ ചിത്രകാരൻ വൈയക്തികമായ ഏകാനുഭവത്തിന്റെ, നോട്ടത്തിന്റെ ഉൽപ്പന്നമായി ചിത്രീകരിക്കാൻ പാടില്ലായിരുന്നു. ഭാരതീയ കലയുടെ സമഗ്രഭാവത്തിൽ കലാകാരൻ വ്യക്തിഗതഭാവം അലിഞ്ഞുചേർന്ന് ഗുണകരമായി പൂർണ്ണതയോടും ചേരണം.

മഹാഭാരതകഥ മിനിമം ഇന്ത്യാക്കാരിലെങ്കിലും പൂർണ്ണതയുടെ സമഗ്രതയിൽ ആണ് ദൃശ്യവൽക്കരിക്കപ്പെട്ടിരിക്കുന്നത്. നമ്പൂതിരി തന്റെ വ്യക്തിഗതഭാവത്തെ ചിത്രീകരിച്ചുകൊണ്ട് മഹാഭാരതത്തെ വികലമാക്കികളഞ്ഞു. യൂറോപ്യൻ ഗോഥിക് കാലത്തിനു ശേഷം (12,13 നൂറ്റാണ്ട്) പ്രസിദ്ധമായി വന്ന വ്യക്തിഗത ശൈലി (Personal style of artist) യാണ് നമ്പൂതിരിയുടെ ചിത്രങ്ങൾ. ചിത്രകലയിലെ പാശ്ചാത്യഭാഷയായ സയന്റിഫിക്ക് പേഴ്സ്പെക്ടീവ് അനുസരിച്ചാണ് നമ്പൂതിരിയുടെ വരകൾ.

'ആടുജീവിത'ത്തിലെ വരകൾ: വൈകല്യത്തിന്റെ ഭീകരഭാവന

വരയ്ക്കുമുമ്പെ ചിത്രകാരനുണ്ടാക്കുന്ന വ്യക്തിഗതആശയങ്ങൾ, ഭാവങ്ങൾ എന്നിവ വരകളിൽ വസ്തുനിഷ്ഠമായി പ്രകടിപ്പിക്കാൻ കഴിയില്ല. വരകളിൽ ചിത്രകാരൻ ഭാവനയെ ഏകപക്ഷീയമായി ആരോപിക്കും.

ചിത്രകാരന്റെ ഓരോ നോട്ടത്തിലും ഇതുനടക്കുന്നുണ്ട്. വെള്ളത്തിൽ പഞ്ചസാര അലിഞ്ഞുചേർന്നാൽ രുചിക്കുന്ന ആർക്കും അത് ബോധ്യപ്പെടും. അത് ആസ്വദിക്കാം. അതുപോലെ ചിത്രകാരന്റെ ഭാവം, ഭാവന, ചിന്ത, ആശയം എന്നിവ ചിത്രത്തിൽ അലിഞ്ഞുചേരില്ല. പ്രത്യേകിച്ചും നേർരേഖാ ചിത്രങ്ങളിൽ. കൃതി ചർച്ചചെയ്യുന്ന ഒന്നിനെ വരകളിൽ ആവാഹിക്കുവാൻ നേർരേഖാ ചിത്രത്തിനുകഴിയില്ല.

'ആടുജീവിത'ത്തിന്റെ സാഹിത്യപാഠത്തെ ആവഹിക്കുവാൻ ഷെരീഫിന് കഴിഞ്ഞിട്ടില്ല. ഷെരീഫിന്റെ വരകൾ സ്ഥലകാലഭ്രമം സംഭവിച്ച ക്രമരഹിത ചിത്രങ്ങളാണ്. കൃത്യമായ യാതൊരു മാനദണ്ഡവും വെച്ചുകൊണ്ടല്ല വരകൾ അടയാളപ്പെടുത്തിയത്. നമ്പൂതിരി കാണിച്ച സാന്ദർഭിക ഐക്യം തീരെ തൊട്ടുതീണ്ടിയിട്ടില്ല 'ആടുജീവിത'ത്തിന്റെ വരകളിൽ. മഹാവൃക്ഷത്തെ ആശ്രയിച്ച് വളർന്ന പാരാസൈറ്റ് പോലെയാണ് ഇ വരകൾ. 'ആടുജീവിത'ത്തിൽ (2014, ഗ്രീൻ ബുക്സ്) 48-ാമത്തെ പേജ് മുതൽ ആകെ 12 ചിത്രങ്ങളുണ്ട്. മൊത്തത്തിൽ ഈ വരകൾ ആ കൃതിയുടെ ലാളിത്യത്തെയും അതു വിനിമയംചെയ്യു എല്ലാ ഭാവത്തേയും വികാരത്തേയും ജീർണ്ണിപ്പിച്ചുകളയുന്നു. ചിത്രത്തിന് അടിക്കുറിപ്പായി ചേർത്ത നോവലിന്റെ വിവരണവും ആ വരകളും തമ്മിൽ യുക്തിബന്ധം പോലുമില്ല. പ്രീ ഓപ്പറേഷൻ സ്റ്റേജിൽ (*ഴാങ്പിയാഷെ, കോഗ്നിറ്റീവ് കൺസ്ട്രക്റ്റിവിസ്റ്റ്*) എത്താത്ത കുട്ടികൾക്കുപോലും വായിച്ചാൽ രൂപീകരിച്ചെടുക്കാവുന്ന ദൃശ്യബിംബങ്ങളാണ് ഇത് . 483-മത്തെ പേജിലെ ചിത്രത്തിൽ 80-കളിലെ വേഷത്തിന്റെ സിമിലാരിറ്റി നൽകുന്നുണ്ട്. ആധിയുടെ യാത്ര എന്ന അടിക്കുറിപ്പിന് യോജിക്കുന്നതല്ല ആ ചിത്രം. പേജ് 50-ൽ ആ സ്ഥലം അറേബ്യയാണെന്ന് മനസ്സിലാക്കാൻ കഴിയില്ല. ചിത്രംനൽകുന്ന അർത്ഥം പരമാവധി ഊഹിച്ചാൽ അത് ഇന്ത്യൻ പ്രതലമായിട്ടാണ് അനുഭവപ്പെടുക. ചിത്രം ദുർഗ്രഹതയുണ്ടാക്കുന്നു . ചിത്രകലയിലെ പരീക്ഷണങ്ങൾ സാഹിത്യാസ്വാദനത്തിന് സമാന്തരമായി പരീക്ഷിക്കുന്നത് അപകടംനിറഞ്ഞ പണിയാണ്. 64, 68



പേജിൽ യാഥാർത്ഥ്യത്തോടും വിവരണത്തോടും പൊരുത്തമില്ലാത്ത വരകളാണ് ഉള്ളത്. അവാസ്തവികമായ ചിത്രമാണ് ഇത്. എൺപതാമത്തെ പേജിലെ ചിത്രം അതിന്റെ അടിക്കുറിപ്പോടുകൂടി കാണുമ്പോൾ ദുർഗ്രഹതയുണ്ടാക്കുന്നു .

106-ാം പേജിലെ വരകൾക്ക് തീരെ പ്രസക്തിയില്ല. അനാവശ്യമായ സങ്കീർണതകൾ യാതൊരു കലയ്ക്കും സൗന്ദര്യം നൽകുകയില്ല. ചിത്രങ്ങൾക്ക് വേണ്ടിയുള്ള ചിത്രങ്ങൾ മാത്രമാണത്. സാഹിത്യത്തിലെ വ്യാവഹാരം ബഹുസ്വരമാണ്. എഴുത്തുകാരന്റെയും വായനക്കാരന്റെയും പക്ഷം പാഠത്തെ മുൻനിർത്തി ബഹുസ്വരമായിരിക്കുമല്ലോ. ആസ്വാദനത്തിന്റെയും സംവേദനത്തിന്റെയും ബഹുസ്വരമായ പാഠാത്മകതയെ പൗരോഹിത്യ, നിർദ്ദേശാത്മക, അധികാര വ്യവഹാരമായി അടിച്ചേൽപ്പിക്കുകയാണ് ഇല്യസ്ട്രേഷൻ. കൃതിയോടൊപ്പം ഏകപക്ഷീയ ഏകകമായി അവതരിക്കുന്ന ഒരു വ്യവഹാരമാണ് സാഹിത്യത്തിലെ വരകൾ.

റഫറൻസ്

1. ചിത്രകലയും ചെറുകഥയും, ടി.ആർ.
2. കേരളത്തിന്റെ സാംസ്കാരിക ചരിത്രം, പി കെ ഗോപാലകൃഷ്ണൻ.
3. കലയിലെ സ്വദേശി പ്രസ്ഥാനവും പുനരുദ്ധാരണവും, വിജയകുമാർ മേനോൻ
4. സൈക്കോളജി എ സ്റ്റഡി ഓഫ് ഹ്യൂമൺ ബിഹേവിയർ, ബി.കെ മിശ്ര.
5. ആടുജീവിതം, ബെന്യാമിൻ.
6. രണ്ടാമൂഴം, എം.ടി.